بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 19/08/2016

## (15 DHUL QADDA 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

### "NO TERRORISM IN ISLAM" / "ഭീകരത ഇസ്ലാമിൽ ഇല്ലേയില്ല"

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം ഇസ്ലാമിൽ ഭീകരത ഇല്ലേയില്ല എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കുകയുണ്ടായി. ഇസ്ലാം അർത്ഥമാക്കുന്നത് കീഴടങ്ങലും സമാധാനവുമാണ്. ഇത് മതം എന്ന നിലയിൽ ആകപ്പാടെ അറിയിക്കുന്നത്, മനുഷ്യന്റെ ജീവിത വഴിയാണ്. ഒരാൾ ഇസ്ലാമിലാണ് എന്ന് ആത്മാർത്ഥമായി പറയുന്നുവെങ്കിൽ, അവൻ തന്റെ ജീവിതം നിശ്ചയമായും സമാധാനത്തിന്റെ പ്രതിരൂപമാക്കി മാറ്റണം. അല്ലാഹുവിന്റെ എല്ലാ കൽപനകളും അനുസരിക്കുവാൻ കഠിനമായി പ്രയത്നിക്കേണ്ടതാണ്. അവൻ എല്ലാത്തിന്റെ മേലും അധികാരമുള്ള രക്ഷകനാണ്, അവൻ സമാനതകളില്ലാത്ത ദൈവമാകുന്നു. അവൻ സ്വയം കണ്ടെത്തേണ്ടതാണ്, താൻ മഹത്തായ അധ്യാപനങ്ങളാൽ ചുറ്റപ്പെട്ടിരിക്കുകയാണെന്ന്. ഉത്തരവാദിത്വമുള്ള മനുഷ്യനെന്ന നിലയിൽ, ജൻമനായുള്ള കഴിവുകളാൽ അലംകൃതനായ താൻ, എല്ലായിടത്തും നന്മ വ്യാപിപ്പിക്കുവാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹുവും മനുഷ്യനുമായുള്ള ബന്ധം സുരക്ഷിതമായി സ്ഥാപിക്കുവാൻ അവൻ കഠിനാദ്ധ്വാനം നടത്തേണ്ടതുണ്ട്. അതുപോലെ മനുഷ്യനും മനുഷ്യനും തമ്മിൽ, മനുഷ്യനും അല്ലാഹുവിന്റെ ഇതര സൃഷ്ടികളും തമ്മിൽ !

മനുഷ്യാത്മാവിന്റെ യഥാർത്ഥ പ്രകൃതി ഇസ്ലാം പ്രതിഫലിപ്പിക്കുന്നു. ഈ താത്ക്കാലിക ലോകത്തിൽ അവൻ ജനിക്കുമ്പോൾ അവൻ ഒരു മുസ്ലീം ആയിരുന്നു. എന്ത് തന്നെയായാലും അവന് അപ്പോൾ ഒരു മതവും ഒരു ധർമ്മ തത്വപദ്ധതിയും ഇല്ലായിരുന്നു. ബാഹ്യമായും ആന്തരികമായും അവൻ അല്ലാഹുവുമായി ബന്ധിതനായിരുന്നു എന്നു മാത്രം. ഭൂമിയുടെ ആകർഷണ വലയത്തിലായപ്പോൾ, അവനെ ഭൗതിക സാധനങ്ങളുമായി ബന്ധിച്ചു; എന്നിരുന്നാലും അവന്റെ ആത്മാവ് ആത്മീയതയ്ക്കായി സദാ ദാഹിച്ചുകൊണ്ടിരുന്നു. മഹത്തായ ദൈവീക സ്നേഹത്തിനായി, ഭൂമിയിലേക്കുള്ള അവന്റെ ഈ യാത്രയ്ക്ക് അവനെ പ്രാപ്തനാക്കിയത് അവനാണ് ! ബലഹീനമായ, ഭൗതികമായ എല്ലാറ്റിനും ഉപരിയായി പറന്നുയരുവാൻ അവന്റെ ആത്മാവ് കഠിനമായി പ്രയത്നിച്ചുകൊണ്ടിരിക്കുന്നു. അതായത് യഥാർത്ഥ സത്യവുമായി അതായത് അല്ലാഹുവുമായി ബന്ധിക്കുന്നതിന് വേണ്ടി എല്ലാ ഭൗതിക ബന്ധങ്ങൾക്കുമുപരിയായി (ആത്മാവ് ദാഹിച്ചുകൊണ്ടിരിക്കുന്നു) ഇസ്ലാം വ്യക്തിയെ വീണ്ടും ഊർജ്ജസ്വലമാക്കുന്നു, അവന് ആവശ്യമായ സാധനസാമഗ്രികൾ നൽകുന്നു, കാരണം ഭൂമിയിലെ ജീവിതകാലം ഒരു താൽക്കാലിക യാത്രക്കാരനെ പോലെയാണ്. മാനവകുലത്തിന്റെ സത്യമായ മതം ഇസ്ലാം ആകുന്നു. ഇതിലാണ് അവരുടെ യഥാർത്ഥ അസ്ഥിത്വം, ഇതിലുള്ള ജംഗമ സ്വത്തുക്കൾ അവനെ പൂർണ്ണമായും അവന്റെ സൃഷ്ടാവുമായി, അല്ലാഹുവുമായി ബന്ധിക്കുന്നു. ഈ ഭൗതികലോകവുമായുള്ള ബന്ധം ഒന്നുകൊണ്ട് മാത്രമാണ്, മനുഷ്യന് അവന്റെ യഥാർത്ഥ ദിശാബോധം താത്ക്കാലികമായി നഷ്ടമായത്! കുറേപേർ ഇസ്ലാമിലൂടെ പുരോഗതി നേടുന്നു; മറ്റുചിലർ ഈ ലോകത്തിലെ ആകർഷണങ്ങളിൽ നേരം പോക്കുന്നു. അവർ ഭൂമിയിൽ ജന്മം കൊണ്ടതിന്റെ ലക്ഷ്യം നഷ്ടമായവരാണ്. അതുമൂലം, മനുഷ്യൻ അവന്റേതായ അനേകം ദൈവങ്ങൾക്ക് രൂപം നൽകുന്നു, യഥാർത്ഥ സൃഷ്ടാവുമായുള്ള അവരുടെ നഷ്ടപ്പെട്ട ബന്ധത്തിന്റെ വിടവ് നികത്താനായി. ഭൂമിയിൽ അവർ ആഗതരാകുന്നതിനു മുമ്പ് അവനുമായി ചെയ്ത അവരുടെ കരാർ അവർക്ക് ഓർക്കാൻ കഴിയാതെ പോകുന്നു. അവരുടെ

സ്യഷ്ടാവുമായി, ഒരിക്കൽ അവർ ചെയ്ത, നഷ്ടപ്പെട്ട ഉടമ്പടിയെ പുനഃസ്ഥാപിക്കുന്നതിനായി അവരുടെയിട യിലേക്ക്, ആയിരക്കണക്കിന് പ്രവാചകന്മാരെയും, സന്ദേശവാഹകരെയും അല്ലാഹു (ത) അയക്കുക യുണ്ടായി. ജനങ്ങളെ നേർവഴിയിൽ നടത്തുവാനായി. എന്നാൽ ശപിക്കപ്പെട്ടവനും (സാത്താൻ) അവന്റെ സൈന്യവും അവന്റെ വാക്ക് പാലിക്കുവാനായി കഠിനയത്നം തുടർന്നുകൊണ്ടിരിക്കുന്നു. മനുഷ്യനെ വഴി തെറ്റിക്കുക, നേർപാതയിൽ നിന്നും നീക്കം ചെയ്യുക !ഓരോ ആദമിന്റെയും ലക്ഷ്യം അല്ലാഹുവിന്റെ പ്രതി നിധി എന്ന നിലയിൽ, അല്ലാഹുവിന്റെ വാക്കുകൾ ജനങ്ങളിൽ പ്രബോധിക്കുക എന്നുള്ളതാകുന്നു. അവ രുടെ ബൗധിക മണ്ഡലത്തെ തൊട്ടുണർത്തി ഭൗതികതയുടെ നീരാളിപിടുത്തത്തിലാണ്ടുപോയ അവരുടെ ഇസ്ലാമിന്റെ സത്തയെ പുനരുജ്ജീവിപ്പിക്കുവാനായി അവർ കഠിന യത്നം ചെയ്യുന്നു.

ആദം (അ) മുതൽ മുഹമ്മദ് (സ) വരെ, മനുഷ്യന്റെ അസ്ഥിത്വത്തെ ഒരിക്കൽ നിർവ്വചിച്ചതുപോലെ, അല്ലാഹു (ത) സമ്പൂർണ്ണമാക്കിയിരിക്കുന്നു. എല്ലാ സത്യമായ പേരിലും അവന്റെ വിശ്വാസ പ്രമാണം, വിശ്വാസം, മതം ഇവ വ്യക്തമാക്കിയിട്ടുള്ളതുമാണ്. അല്ലാഹു (ത) അവന്റെ വാക്കിനെ ഏകോപിപ്പിക്കുകയും അവന്റെ വാഗ്ദാനം പ്രവാചകൻ മുഹമ്മദ് (സ) ലൂടെ, എല്ലാ പ്രവാചകന്മാരുടെയും മുദ്രയായി അദ്ദേഹത്തെ നിയോഗി ക്കുകയും, മുസ്ലീം എന്ന നിലയിൽ അദ്ദേഹത്തിന്റെ യഥാർത്ഥ പദവി എന്താണെന്ന് അദ്ദേഹത്തിനും യഥാർത്ഥ അനുയായികൾക്കും വെളിപ്പെടുത്തികൊടുക്കുകയും, സമ്പൂർണ്ണ ഗ്രന്ഥമായ ഖുർആൻ നൽകുകയും ചെയ്തു. ആയതിനാൽ, അദ്ദേഹവും മറ്റു മുസ്ലീം വിശ്വാസികളും, വിധിനാൾ വരേക്കും സത്യമായ നിലയിൽ അതിനെ പിൻതുടരേണ്ടതുമാണ്. എന്നാൽ അല്ലാഹുവിനറിയാം, മനുഷ്യൻ ദുർബലനാണ്. അവൻ പിശാ ചിന്റെ പിടിയിൽ സമയാ സമയങ്ങളിൽ വീണുപോകുന്നതാണ്, അതുകൊണ്ടാണ്, എപ്പോഴൊക്കെ മതം അപകടത്തിലാകുമോ, അപ്പോഴൊക്കെ അവന്റെ പ്രതിനിധിയെ നിയോഗിക്കുന്നത്. അവന്റെ പ്രതിനിധി സത്യ വാനായ വഴികാട്ടിയും, അന്ധകാരത്തിലകപ്പെട്ട ലോക ജനതയെ ദൈവീക വെളിച്ചത്തിലേക്ക് നയിക്കുന്നവ നുമാണ്. മനുഷ്യന്റെ അസ്ഥിത്വത്തെ പ്രതിപാദിക്കുന്ന അത്യുൽകൃഷ്ട മതമാണ് ഇസ്ലാം എങ്കിലും, മനുഷ്യൻ സമയാസമയങ്ങളിൽ ചതിയിൽ അകപ്പെട്ടു പോകുന്നു. ദൈവവുമായുള്ള ബന്ധം അവന്റെ ഇച്ഛകളാൽ വേര റ്റുപോകുന്നു. ചിലപ്പോൾ, അല്ലാഹുവിന്റെ വചനങ്ങളെ അവൻ വീണ്ടും വ്യാഖ്യാനിക്കുന്നു. എന്നാൽ ഒരു ദൈവീക മനുഷ്യന്റെ പിൻതാങ്ങലില്ലാതെ, അവൻ അവന്റെ ഇച്ഛകൾക്കനുസ്യതമായി അതിനെ വ്യാഖ്യാനി ക്കുന്നു. അങ്ങനെ അല്ലാഹുവിന്റെ യഥാർത്ഥ കൽപനകൾക്ക് ക്ഷതമേൽക്കുന്നു. ഭീകരവാദത്തിനുള്ള യഥാർത്ഥ കാരണം ഇതാണ്.

ഭീകരവാദത്തിന് മതമില്ല. ഒരു മതവുമായി ഇതിന് ബന്ധമില്ല. ഏതൊരാളും, അവന്റെ വിശ്വാസ പ്രമാണവും, വിശ്വാസവും എന്ത് തന്നെയായാലും, അവൻ ഭീകരവാദത്തിനിടയാകാം. ഭീകരത, ഭീകര പ്രവർത്തനം, അത് ശപിക്കപ്പെട്ട പിശാചിന്റെ മേഖലയാണ്. ഇസ്ലാം, സമാധാനമതമായിരിക്കെ, ഭീകരതയു മായി അതിനെ ബന്ധപ്പെടുത്താവതല്ല. അല്ലാഹുവിനെ ഭയപ്പെടുക എന്നത് ശരിയാണ്. സമാധാനവും ഭീകര തയും സഹവസിക്കാവുന്നതല്ല. പിന്നെങ്ങെനെയാണ്, പിന്നെന്തുകൊണ്ടാണ് ഭീകര മതം എന്ന പേര് ഇസ്ലാ മിന് ചാർത്തികൊടുത്തത് ? ആദ്യമായി ഭീകരത എന്താണെന്ന് നോക്കാം. കൂടുതൽ നിയതമായി പറഞ്ഞാൽ ആരാണ് ഭീകരവാദി ? രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി അക്രമവും ഭീഷണിയും ഉപയോഗിക്കുന്നവനാണ് ഭീകര വാദി. അക്രമത്തിലൂടെയും, ഭയപ്പെടുത്തലിലൂടെയും, ഭീഷണിയിലൂടെയും മറ്റുള്ളവരെക്കൊണ്ട് താനിച്ഛി ക്കുന്നത് ചെയ്യുവാൻ പ്രേരിപ്പിക്കുകയും അവരെ നിയന്ത്രിക്കുകയും ചെയ്യുന്നവനാണവൻ. വിശുദ്ധ ഖുർ ആനിൽ ഭീകരത എന്ന പ്രശ്നത്തെ ദൈവം കൈകാര്യം ചെയ്യുന്നത് കാണുക. മുസ്ലീങ്ങളെ പഠിപ്പിക്കുന്നു. നിങ്ങൾ ഒരിക്കലും ഭീകരവാദികളാകരുത്. ഒന്നാമതായി അല്ലാഹു പറയുന്നു. **“ഫിത്ന കൊലയേക്കാൾ കഠി നമത്രെ”** (2:192). അൽഫിത്ന എന്ന വാക്കിന് അനേകം അർത്ഥങ്ങളുണ്ട്. ബഹളം, അടിച്ചമർത്തൽ, പീഡ നങ്ങൾ, അസമാധാനം, ഭിന്നിപ്പ്, പ്രലോഭനം തുടങ്ങി പല അർത്ഥങ്ങളുമുണ്ട്. ഇവയെല്ലാം അല്ലാഹുവിന്റെ വീക്ഷണത്തിൽ നിന്ദ്യമായ കാര്യങ്ങളാണ്. വിശിഷ്യാ ന്യായമായ കാരണമില്ലാതെ! നിരപരാധികളെയും, ആക്ര മണകാരികളല്ലാത്തവരെയും വധിക്കുന്നത് ഇസ്ലാം, വളരെ ശക്തമായി തടഞ്ഞിട്ടുള്ള കാര്യമാണ്. **“(അറി**

**യുക) അക്രമികൾ അല്ലാത്തവരുടെ മേൽ യാതൊരു കയ്യേറ്റവും വിഹിതമല്ല.'' 2:194.**

തങ്ങളുടെ ആളുകളുടെ മേൽ പീഡനങ്ങളുടെ എല്ലാ അതിർ വരമ്പുകളും മറി കടക്കുമ്പോൾ, തിരിച്ചു യുദ്ധം ചെയ്യുവാൻ അല്ലാഹു മുസ്ലീങ്ങൾക്ക് അനുവാദം നൽകുന്നു. അതേ സമയം, അവൻ, തന്റെ സേവകൻമാർക്ക് മുന്നറിയിപ്പു നൽകുന്നു, നിങ്ങൾ അതിക്രമം പ്രവർത്തിക്കരുതെന്ന് ! യുദ്ധ രംഗത്ത് പോലും നിങ്ങൾ നീതിപൂർവ്വം വർത്തിക്കണം. യുദ്ധ പ്രേരണ ഭൗതിക സാധനസാമഗ്രികൾ നേടാനുള്ളതാവരുത് എന്ന് അല്ലാഹുവും അവന്റെ പ്രവാചകൻ (സ) യും നമ്മോട് കൽപ്പിച്ചിരിക്കുന്നു. സത്യവിശ്വാസത്തെ എതിർക്കാത്തവരോട് നാം യുദ്ധം ചെയ്യരുത്. മോശമായ രീതികൾ നാം അവലംബിക്കരുത്; വകതിരിവില്ലാത്ത കൊല ചെയ്യരുത്, കൊള്ള നടത്തരുത്, ഇവ മറ്റു യുദ്ധങ്ങളിലേക്ക് നയിക്കുന്നതാണ്. അതിക്രമങ്ങളുടെ പട്ടികയിൽ പെടുന്നതാണ്, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരിൽ ആയുധം ഉപയോഗിക്കുക, വൃദ്ധർക്കും, മുറിവേറ്റവർക്കുമെതിരിൽ ആയുധ പ്രയോഗം നടത്തുക, ശത്രുവിന്റെ മൃതശരീരം വികൃതമാക്കുക, ധാന്യവിളകളും മൃഗസമ്പത്തും ധിക്കാരപൂർവ്വം തകർത്തു തരിപ്പണമാക്കുക, അനീതിപരവും നിഷ്ഠൂരവുമായ ഇതുപോലെയുള്ള മറ്റു പ്രവർത്തികൾ. പ്രവാചകൻ (സ) ഇത്തരം പ്രവർത്തികൾ എല്ലാം നിരോധിച്ചിട്ടുള്ളതാകുന്നു. പോരാട്ട ലക്ഷ്യത്തിന്റെ യഥാർത്ഥ ഉദ്ദേശം, തികച്ചും ഒഴിച്ചുകൂടാൻ കഴിയാത്ത സാഹചര്യത്തിൽ, ശക്തി പ്രയോഗിക്കാവുന്നതാണ് എന്ന് സാരം. ശക്തിപ്രയോഗം തികച്ചും അത്യാവശ്യമായ അളവിൽ മാത്രം ഉപയോഗിക്കുക. ഒരാളിന്റെ ജീവൻ രക്ഷിക്കുക, കുടുംബം രക്ഷിക്കുക, വസ്തുവകകൾ സംരക്ഷിക്കുക, സമുദായത്തെ സംരക്ഷിക്കുക എന്നതും , ഞങ്ങളുടെ വിശ്വാസത്തെപ്പോലെ നിങ്ങളും വിശ്വസിക്കണം എന്ന് സമ്മർദ്ദം ചെലുത്തുന്നതും തമ്മിൽ വളരെ അന്തരമുണ്ട്. മുഹമ്മദ് (സ) ന്റെ ജീവിതകാലത്തും, അതിന് മുൻപും യുദ്ധങ്ങൾ സാധാരണ ഉണ്ടാകാറുള്ളതായിരുന്നു. രാജ്യങ്ങൾ തമ്മിലും, അപകീർത്തിപ്പെടുത്തപ്പെട്ട മതങ്ങൾക്കിടയിലും യുദ്ധമുണ്ടായിട്ടുണ്ട്. അവർ പോരാടിയത് പ്രദേശങ്ങൾ പിടിച്ചടക്കുവാനും, രാജ്യങ്ങൾ കീഴടക്കുവാനും, ഭൂപ്രദേശം അധീനപ്പെടുത്തുവാനും, അതിലൂടെ കീഴ്പ്പെടുത്തപ്പെട്ട രാജ്യങ്ങളിലെ സമ്പത്തുകൾ കൊള്ളയടിക്കുവാനും അതുപയോഗിച്ച് സുഖം കണ്ടെത്തുവാനുമായിരുന്നു. വിശുദ്ധ ഖുർ ആന്റെ വെളിപാടുകളിലൂടെ, അല്ലാഹു (ത), എങ്ങനെ ? എന്തുകൊണ്ട് ? എപ്പോൾ ? മുസ്ലീങ്ങൾ യുദ്ധം ചെയ്യണമെന്ന് നല്ല നിലയിൽ വിവരിക്കുകയുണ്ടായി. യുദ്ധത്തിനു വേണ്ടിയായിരിക്കരുത് യുദ്ധം, പരിഷ്കാരങ്ങൾ തകർത്തെറിയുവാൻ ആകരുത് യുദ്ധം, ഇസ്ലാമിലേക്ക് ജനങ്ങളെ കൊണ്ടുവരുവാനകരുത് യുദ്ധം, മറിച്ച്, വളർന്നു വരുന്ന ഇസ്ലാം മതത്തെ സംരക്ഷിക്കുവാൻ, വിശ്വാസികളെ സംരക്ഷിക്കുവാൻ, ശത്രുക്കൾ അവരെ കൊല്ലാതിരിക്കാൻ, അവർക്ക് നഷ്ടപ്പെട്ട അവരുടെ അവകാശപ്പെട്ട സാധനങ്ങൾ വീണ്ടെടുക്കുവാൻ, എന്നാൽ ഒരിക്കലും ഒരിക്കലും ഇസ്ലാമിലേക്ക് സമ്മർദ്ദം ചെലുത്തി ഒരാളെയും കൊണ്ടു വരുവാൻ ഇസ്ലാം ശ്രമിച്ചിട്ടില്ല അത് ഇസ്ലാമിന്റെ അധ്യാപനവുമല്ല. വിശ്വാസ കാര്യങ്ങൾ, ഏതൊരു വ്യക്തിയുടെയും ഹൃദയത്തിൽ നിന്നും വരേണ്ടതാണ്. അല്ലാഹു (ത) പറയുന്നു. **''മതത്തിൽ യാതൊരുവിധ നിർബന്ധവുമില്ല.''** (2:257) തങ്ങളുടെ ആഗ്രഹങ്ങൾക്കനുസൃതമായി പ്രവർത്തിക്കുവാൻ മറ്റുള്ളവരുടെമേൽ സമ്മർദ്ദം ചെലുത്തുവാൻ ഒരാൾക്കും ഒരവകാശവുമില്ല. അഥവാ തങ്ങളുടെ ചിന്താധാര പിൻതുടരുവാൻ നിർബന്ധിക്കുവാൻ ഒരവകാശവുമില്ല.

അല്ലാഹു (ത) ആവർത്തിച്ച് വിശ്വാസികൾക്ക് മുന്നറിയിപ്പ് നൽകുന്നു, അതായത് അവർ അല്ലാഹുവിന്റെ കൽപനകൾ എപ്പോഴും അനുസരിക്കേണ്ടതാണ്, അവനിൽ നിന്നും അവർ ഒരിക്കലും പിൻമാറിപോകരുത്. അവർ പിൻമാറിയാൽ, അല്ലാഹുവിൽ നിന്നുള്ള എല്ലാ നന്മയും അനുഗ്രഹങ്ങളും അവർക്ക് നഷ്ടമാകുന്നതാണ്, എല്ലാ നന്മയുടെയും അനുഗ്രഹങ്ങളുടെയും ഉറവിടം അല്ലാഹുവാകുന്നു. അല്ലാഹു (ത) പ്രത്യേകമായി എടുത്തു പറഞ്ഞിരിക്കുന്നു. അവനിൽ നിന്നും അകന്നു പോകുന്നവർ, അധികാരത്തെയും ഈ ലോകത്തെയും സ്നേഹിക്കുന്നവർ, മാനുഷിക പെരുമയുടെ ഓരോ അംശവും അവരിൽ നിന്ന് നീക്കം ചെയ്യപ്പെടുന്നതാണ്, അങ്ങനെ, ഇത്തരം ആളുകൾ, ക്രമേണ മറ്റുള്ളവരെ ഭയപ്പെടുത്തുന്നതിൽ അഭയം കണ്ടെത്തുന്നു, അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാൻ അവരെ നിർബന്ധിക്കുന്നു.

യഥാർത്ഥ വിശ്വാസികളോട് ആവർത്തിച്ചു ഓർമ്മപ്പെടുത്തുന്നു, ഇത്തരം പ്രവർത്തിയിൽ എപ്പോഴെങ്കിലും ഏർപ്പെട്ടാൽ, അവർക്ക് അല്ലാഹുവിന്റെ സ്നേഹവും, ദൈവീകാനുഗ്രഹങ്ങളും എന്നന്നേക്കുമായി നഷ്ട പ്പെടുന്നതാണ്. അങ്ങനെ, മതം, അതായത് വിശ്വാസ കാര്യങ്ങളും, രാഷ്ട്രീയവും വ്യത്യസ്തമായ നിലയിൽ കൈകാര്യം ചെയ്യേണ്ടതാണ്. വിശ്വാസമേഖലയിൽ ഒരു രീതിയിലുള്ള സമ്മർദ്ദവും അഥവാ ബലാൽക്കാ രവും സ്പർശിക്കുവാൻ പാടില്ലാത്തതാകുന്നു. പ്രവാചകൻ (സ) ആയിശ (റ) യോട് പറയുകയുണ്ടായി. **“ തീർച്ചയായും നീ സൗമ്യപ്രകൃതിയുള്ളവളായിരിക്കണം, സൗമ്യത ഒരാളെ മനോഹരമാക്കുന്നു. സൗമ്യത ഒരാളി ലുള്ള മോശമായതിനെ നീക്കം ചെയ്യുന്നതല്ലാതെ മറ്റൊന്നും ചെയ്യുന്നില്ല.”** (അഹ്മദ്) **“ നിശ്ചയമായും അല്ലാഹു ദയയുള്ളവനാണ്. അവൻ ദയയെ സ്നേഹിക്കുന്നു. ദയക്ക് അവൻ പ്രതിഫലം നൽകുന്നു. കാഠിന്യത്തിന് കാഠി ന്യമല്ലാതെ മറ്റൊരു പ്രതിഫലവും അവൻ നൽകുകയില്ല”**(മുസ്ലീം) നിങ്ങൾ ഒരിക്കലും തീവ്രവാദികളാകരുത്! ഇസ്ലാം, മുസ്ലീങ്ങളെ അത്തരം പ്രവർത്തികളിൽ നിന്നും വളരെ ശക്തമായി തടയുന്നു. വിശ്വാസികൾ വളരെ ഉന്നതമായ ധാർമ്മിക നിലവാരം പുലർത്തുന്നവരായിരിക്കണം. നല്ല സ്വഭാവും, നല്ല പെരുമാറ്റവും പ്രകടിപ്പി ക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇക്കാര്യത്തിനാണ്, അല്ലാഹു (ത) മാനവകുലത്തിന്റെ ഉത്തമപു ത്രനെ, ഉത്തമ അധ്യാപകനെ, ഉത്തമ പ്രവാചകനെ മുഹമ്മദ് (സ) നെ വിശ്വാസത്തിന്റെ പൊരുൾ പഠിപ്പിക്കു വാനായി നിയോഗിച്ചത് . മനുഷ്യന് യഥാർത്ഥ ഇസ്ലാം പഠിപ്പിക്കുവാനായി. അല്ലാഹുവിന്റെ പ്രവാചകൻ ഈ ഉന്നതമായ മാനുഷികമൂല്യങ്ങൾ പകർന്നു നൽകുന്നതിൽ വിജയിച്ചു, അങ്ങനെ അപരിഷ്കൃതരായ ഒരു വലിയ ജനതയെ, മതത്തിന്റേയോ, വർഗ്ഗത്തിന്റേയോ, സാമൂഹ്യ പദവിയുടെയോ പരിഗണന നോക്കാതെ ആത്മാർത്ഥമായി മാനവകുലത്തെ സ്നേഹിക്കുന്നവരാക്കി മാറ്റി. ഈ, ഇസ്ലാമിനെ കാത്തു രക്ഷിക്കുന്നതിന്, ഈ സമുന്നതമായ അധ്യാപനങ്ങളെ ധന്യമാക്കാൻ, മാനവഹൃദയങ്ങളിൽ അവയെ പുനർ ജീവിപ്പിക്കുവാൻ, അവൻ കാലാകാലങ്ങളിൽ, ഒരു ഉദ്ധാരകനെ ആവശ്യമുള്ളപ്പോൾ, മതപരിഷ്ക്കർത്താവിനെ, അവന്റെ സത്ത യിൽ നിന്നും തേജസ്സിൽ നിന്നും അവരിൽ യഥാർത്ഥ വിശ്വാസം പുനസ്ഥാപിക്കുവാൻ, ഭൗതികതയുടെ അതിപ്രസരത്താലും അജ്ഞതയാലും നഷ്ടപ്പെട്ടുപോയ അവരുടെ ഇസ്ലാമിനെ ഉണർത്തുവാൻ, അവൻ നിയോഗിക്കുന്നതാണ്. ഇസ്ലാമിലെ ഒരേയൊരു ജിഹാദ്, അനുവദിക്കപ്പെട്ടിട്ടുള്ള ഒരേയൊരു ജിഹാദ്, അക്ര മിക്കപ്പെട്ടവർക്കായി, അക്രമിക്കെതിരിലുള്ള യുദ്ധം മാത്രമാണ്. അത്തരം യുദ്ധം നടത്തുന്നത്, എല്ലാ വിഭാഗം ജനങ്ങളുടെയും സമാധാനത്തിനായാണ്, അവിടെ മതമോ വിശ്വാസ പ്രമാണമോ പരിഗണിക്കപ്പെടുന്നതുമല്ല. സമര തന്ത്രം എന്ന നിലയിൽ ഇന്ന് ചെയ്യപ്പെടുന്ന ആത്മഹത്യാ ബോംബിംഗ് പോലുള്ളത് ഇസ്ലാമിന്റെ യഥാർത്ഥ അനുയായികൾക്ക് പരിപൂർണ്ണമായും പാടില്ലാത്തതാണ് എന്ന് വിശുദ്ധഖുർ ആൻ അസന്ദിഗ്ധമായി പ്രഖ്യാ പിക്കുന്നു. അല്ലാഹു (ത) പറയുന്നു. **“ നിങ്ങൾ നിങ്ങളെതന്നെ വധിക്കയുമരുത്, തീർച്ചയായും അല്ലാഹു നിങ്ങളോട് വളരെയേറെ കരുണയുള്ളവനാകുന്നു. ” (4:30) “നിങ്ങളുടെ കൈകളാൽ നിങ്ങളെ (സ്വയം) നാശ ത്തിൽ ആപതിപ്പിക്കരുത് നിങ്ങൾ (മറ്റുള്ളവർക്ക്) നന്മ ചെയ്യുക. നിശ്ചയമായും നന്മ ചെയ്യുന്നവരെ അല്ലാഹു സ്നേഹിക്കുന്നു. ”(2:196)**

മതത്തിന്റെ പേരിൽ മറ്റുള്ളവരുടെ മേൽ ബോംബ് വർഷിക്കുന്നത് തടയുന്നതിന് ഈ അധ്യാപന ങ്ങൾ തന്നെ മതിയായതാണ്. എല്ലാ വിഭാഗം മതവിശ്വാസികളുമായി അറിവുകൾ പങ്കുവയ്ക്കുന്നതിന് , ബുദ്ധി പരമായ തത്വപരമായ ചർച്ചകൾ നടത്തുന്നതിനെ ഇസ്ലാം പ്രോത്സാഹിപ്പിക്കുന്നു. അത് തികച്ചും ശാന്തമായും, വികാര വിക്ഷോഭമില്ലാതെയും നടത്തുകയും ചെയ്യേണ്ടതാണ്. ലക്ഷ്യം ഒന്നു മാത്രമായിരിക്കണം. സത്യം ജയിക്കണം അസത്യം പരാജയപ്പെടണം. ഒരു മുസ്ലീം എന്ന നിലയിൽ ഏറ്റവും പ്രധാനപ്പെട്ടത് ഒരു പ്രവാച കൻ, അല്ലാഹുവിന്റെ ഖലീഫ, അഥവാ മതപരിഷ്ക്കർത്താവ്, സത്യം പ്രബോധിക്കുമ്പോൾ, തെറ്റുകുറ്റങ്ങൾക്കെ തിരിൽ മുന്നറിയിപ്പു നൽകുമ്പോൾ മുന്നറിയിപ്പിന്റെ അടയാളങ്ങളായി കമ്പനങ്ങളും, ശിക്ഷകളും മനുഷ്യനെ സംസ്ക്കരിക്കുവാനായി വരാവുന്നതാണ്. പ്രവാചകന്മാരെ അയക്കുന്നവനിൽ നിന്നും ഉണ്ടാകുന്നതാണത്. ആ കാര്യങ്ങളിലെ പരമമായ നീതിപതി അല്ലാഹുവാകുന്നു. അവൻ മാത്രമാണ് ഓരോ ഹൃദയവും മറച്ചു വയ്ക്കുന്നത് അറിയുന്നത് ചിലർ മുസ്ലീങ്ങളാണെന്ന് പ്രഖ്യാപിക്കുന്നു; എന്നാൽ അവരുടെ പ്രവർത്തനങ്ങൾ,

അതല്ലാ കാണിക്കുന്നത്, അല്ലാഹുവിന്റെ ഗ്രന്ഥത്തെക്കുറിച്ചുള്ള അവരുടെ വിശകലനവും അതല്ല കാണിക്കുന്നത്. എന്നാൽ മാനവകുലത്തോട് അവരുടെ വീക്ഷണമായി പറയുന്നത്, ഇസ്ലാമികമാണെന്നാണ്. അങ്ങനെ യഥാർത്ഥ വിശ്വാസികളും മറ്റെല്ലാ നല്ലവരായ, നീതിമാൻമാരായ ആളുകളും, ഭീകരവാദം അവസാനിപ്പിക്കുവാനുള്ള ശ്രമത്തിലായിരിക്കും, അവർ ഒരിക്കലും ഭീകരവാദം തുടരുവാനുള്ള പ്രവർത്തിയിലായിരിക്കില്ല. സമൂഹത്തിൽ ഇത്തരം പ്രവണതകൾ പ്രത്യക്ഷമായാൽ, അതായത് സമാധാന ഭംഗമുണ്ടായാൽ, സമാധാനത്തോടെ ജീവിക്കുവാൻ കഴിയുകയില്ലെങ്കിൽ, മാത്രമല്ല വീണ്ടും വീണ്ടും ഭീകരത ശക്തിയോടെ വീശിയാൽ, അത്തരം സന്ദർഭങ്ങളിൽ, യഥാർത്ഥ മുസ്ലീങ്ങൾ ആദ്യമായി ഈ കുഴപ്പകാരികളെ ബുദ്ധിപരമായി, ധിഷണാപരമായി നേരിടേണ്ടതാണ്. ഇസ്ലാമിന്റെ അനുവദനീയ മാർഗ്ഗങ്ങൾ ഫലപ്രദമാകുന്നില്ലെങ്കിൽ, അവരുടെ ഗതി ദൈവീക കോപത്തിനും ശിക്ഷയ്ക്കുമായി വിട്ടുകൊടുക്കുക. കാരണം അല്ലാഹുവിന് മാത്രമാണ് അവരെ സംസ്ക്കരിക്കുവാനോ അല്ലെങ്കിൽ ശിക്ഷിക്കുവാനോ ഉള്ള കഴിവുള്ളത് !

ആയതിനാൽ, ഇസ്ലാം, ഈ പ്രസംഗത്തിലുടനീളം പറഞ്ഞതുപോലെ, സമാധാനമാകുന്നു. ആദം (അ) മുതൽ മുഹമ്മദ് (സ) വരെയുള്ള പ്രവാചകന്മാരിലൂടെയുള്ള അല്ലാഹുവിന്റെ അധ്യാപനങ്ങൾ, ആദ്യ ദൈവീക ഗ്രന്ഥം മുതൽ അന്ത്യഗ്രന്ഥമായ പരിശുദ്ധ ഖുർ ആൻ വരെയുള്ള ഗ്രന്ഥങ്ങളിലൂടെ നിരപരാധികളായ പുരുഷന്മാരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും രക്തം ചിന്തുന്നത് തടയുവാനും അക്രമം ഇല്ലായ്മ ചെയ്യുവാനും വേണ്ടിയായിരുന്നു. തീവ്രവാദികൾ മതപരമായ അഥവാ രാഷ്ട്രീയപരമായ മേൽവിലാസക്കുറി ഉപയോഗിക്കാം. എന്നാൽ ആരും തന്നെ അവരുടെ വഞ്ചനാപരമായ, ഭയാനകമായ ചതിയിലകപ്പെട്ടു പോകരുത്, അവരുടെ ആദർശ വാക്യങ്ങൾ അല്ലാഹുവിന്റെയും, ഇസ്ലാമിന്റെയും അധ്യാപനങ്ങൾക്കെതിരാണ്. അല്ലാഹുവിന്റെ മതവുമായി അവർക്ക് യാതൊരു ബന്ധവുമില്ല. അവർ സമാധാനത്തിന്റെ ശത്രുക്കളാണ്. ഇസ്ലാം അതേ സമാധാന മതം, പ്രബോധിച്ചതനുസരിച്ച്, അവരെ എല്ലാ നിലയിലും തിരിച്ചടിക്കേണ്ടതാണ്. മനുഷ്യവാസകേന്ദ്രങ്ങളിലും അവന്റെ ജീവിതത്തിലും ക്രമസമാധാനം നിലനിർത്തുവാൻ, ഒരു ദൈവദാസൻ എന്ന നിലയിൽ കഴിയുന്നതും പ്രവർത്തിക്കേണ്ടതാണ്.

അല്ലാഹു (ത) ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ, യഥാർത്ഥ ഇസ്ലാമിന്റെ ധ്വജവാഹകരാകുവാൻ, ജനഹൃദയങ്ങളിൽ സമാധാനം അങ്കുരിപ്പിക്കുവാൻ, പ്രാപ്തമാക്കട്ടെ! അല്ലാഹുവിന്റെ സഹായത്താൽ ഇസ്ലാമിനോടുള്ള സ്നേഹവും, അംഗീകാരവും, മനുഷ്യ ജീവിതത്തിന്റെ ഏറ്റവും നല്ല വഴി എന്ന നിലയിൽ സ്ഥാപിതമാകട്ടെ ! ഇതുമായി ബന്ധിതമായ ഭീകരതയും തീവ്രതയും അല്ലാഹു (ത) ഉന്മൂല നാശം വരുത്തട്ടെ ! ഇൻശാ അല്ലാഹ്. ആമീൻ.


**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*